അപ്പർ പ്രൈമറി

1. മാതൃഭാഷയിലൂടെയുള്ള ആശയവിനിമയ ശേഷി പുഷ്ടിപ്പെടാനും സാഹിത്യം ആസ്വദിക്കുന്നതിനും അനായാസം എഴുതാനും ഈ ഘട്ടത്തിൽ സാധിക്കണം.
2. ഇംഗ്ലീഷിൽ ലളിതമായ ആശയ വിനിമയത്തിന് കഴിയണം.
3. യു.പി. ഘട്ടം പൂർത്തിയാകുന്ന മുറയ്ക്ക് ഹിന്ദിയിലൂടെയുള്ള ലളിതമായ ആശയവിനിമയത്തിനു കൂടി പ്രാപ്തി നേടണം.
4. സാമൂഹിക രാഷ്ട്രീയ സ്ഥാപനങ്ങൾ അവയ്ക്ക് കാലാന്തരത്തിൽ വരുന്ന പരിണാമം എന്നിവയും പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണം.
5. ക്ഷേത്ര ഗണിത പഠനവും ബീജഗണിത പഠനവും ആരംഭിക്കണം.
6. അന്വേഷണതൃഷ്ണയും വിമർശനബുദ്ധിയും വികസിപ്പിച്ചെടുക്കണം.
7. കമ്പ്യൂട്ടർ പഠനം ഈ ഘട്ടത്തിന്റെ അവസാനം കരിക്കുലത്തിന്റെ ഭാഗമാക്കണം.

സെക്കന്ററി ഘട്ടം

1. സാംസ്ക്കാരികമായ ആശയ വിനിമയത്തിന് കൂടി മാതൃഭാഷയിൽ പ്രാവീണ്യം നേടണം.
2. ഇംഗ്ലീഷിലും ഹിന്ദിയിലും വായിക്കുന്നതിനും എഴുതുന്നതിനുമുള്ള പ്രാപ്തി നേടണം.
3. ഇൻഫർമേഷൻ ടെക്നോളജിയുടെ സാധ്യതകൾ ആരായുന്നതിന് കഴിയണം.
4. അഭിരുചിയ്ക്ക് അനുസൃതമായ പഠന മേഖല തെരഞ്ഞെടുക്കാൻ സെക്കന്ററി ഘട്ടത്തിന്റെ അന്ത്യത്തിൽ കുട്ടിക്ക് കഴിയണം.
5. പൗരബോധം, ശുചിത്വ ബോധം, സ്ത്രീ പുരുഷ സമത്വ വിചാരം എന്നിവ ഉറപ്പാക്കുവാൻ ഈ ഘട്ടത്തിലെ പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിലൂടെ സാധിക്കണം.

22 (*112) സ്വകാര്യ കോളേജുകളുടെ ഭരണം നിയന്ത്രിക്കുന്നതിൽ സർവ്വകലാശാലകൾക്കും വിദ്യാഭ്യാസ വകുപ്പിനും ഉള്ള പങ്ക്

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ :
ശ്രീ. കെ.പി. സതീശ് ചന്ദ്രൻ :
ശ്രീ. ടി.കെ. ബാലൻ :
ശ്രീ. എം.എ. തോമസ് :
ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വകാര്യ കോളേജുകളുടെ ഭരണം നിയന്ത്രിക്കുന്നതിൽ സർവ്വകലാശാലകൾക്കും വിദ്യാഭ്യാസ വകുപ്പിനും എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സ്വകാര്യ കോളേജുകൾ അടച്ചിടൽ, വിദ്യാർത്ഥികളെ പുറത്താക്കൽ, സമരം എന്നീ കാര്യങ്ങളിൽ സർവ്വകലാശാലകൾക്കും വിദ്യാഭ്യാസ വകുപ്പിനും എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ അധികാരമുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) കൊല്ലം എസ്.എൻ. കോളേജ് സമരത്തിൽ ഏതാനും വിദ്യാർത്ഥികളെ പുറത്താക്കിയതിന് മതിയായ കാരണമില്ലായിരുന്നുവെന്ന് ഇത് സംബന്ധിച്ച് അന്വേഷണം നടത്തിയ സിൻഡിക്കേറ്റ് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) വിദ്യാർത്ഥികളെ തിരിച്ചെടുത്ത് പ്രശ്നം ഒത്തുതീർപ്പാക്കിയത് വിദ്യാഭ്യാസ മന്ത്രിയുമായി മുൻപ് അംഗീകരിച്ച വ്യവസ്ഥകൾ അനുസരിച്ചായിരുന്നുവെന്ന കൊല്ലം എസ്.എൻ, കോളേജ് പ്രിൻസിപ്പാളിന്റെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ പ്രശ്നം ഇത്രയും നാൾ നീട്ടിക്കൊണ്ടു പോയതിന്റെ ഉത്തരവാദിത്വത്തിൽനിന്ന് കോളേജ് അധികൃതർക്ക് എപ്രകാരമാണ് മാറി നിൽക്കാൻ കഴിയുന്നതെന്ന് വ്യക്തമാക്കുമോ;

(എഫ്) വിദ്യാർത്ഥി സമരം ഒത്തുതീർപ്പാക്കുന്നതിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി മുന്നോട്ടുവച്ച വ്യവസ്ഥകൾ അനുസരിച്ച് പ്രിൻസിപ്പൽ സമരം ഒത്തുതീർപ്പാക്കാൻ ചേർന്ന യോഗത്തിൽ ആരെല്ലാം പങ്കെടുത്തിരുന്നു; പ്രസ്തുത യോഗത്തിൽ എടുത്ത ഒത്തുതീർപ്പു വ്യവസ്ഥകൾ എന്തൊക്കെയായിരുന്നു;

(ജി) പ്രിൻസിപ്പാൾ എടുത്ത ഒത്തുതീർപ്പു വ്യവസ്ഥകൾ സ്റ്റാഫ് കൗൺസിൽ അംഗീകരിച്ചിട്ടുണ്ടോ;

(എച്ച്) ഒത്തുതീർപ്പിനായി വിദ്യാഭ്യാസ മന്ത്രി എത്ര തവണ യോഗം വിളിച്ചുകൂട്ടിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) സർവ്വകലാശാലകൾക്ക് അംഗീകൃത സ്ഥാപനങ്ങളിലെയും കോളേജുകളിലെയും സർവ്വകലാശാലകളിലെയും വിദ്യാർത്ഥികളുടെ താമസ സൗകര്യവും അച്ചടക്കവും നിയന്ത്രിക്കുവാനും മേൽനോട്ടം വഹിക്കുവാനും വിദ്യാർത്ഥികളുടെ ക്ഷേമവും ആരോഗ്യവും സംരക്ഷിക്കുന്നതിനും വർദ്ധിപ്പിക്കുന്നതിനും വേണ്ട നടപടികൾ കൈക്കൊള്ളുന്നതിനും അധികാരമുണ്ട്. 'അഫിലിയേറ്റ്' ചെയ്തിട്ടുള്ള കോളേജുകളുടെ ഇൻസ്പെക്ഷൻ നടത്തുകയും ഇതിലേയ്ക്കുവേണ്ട നിർദ്ദേശം നൽകുകയും ചെയ്യാം. സിൻഡിക്കേറ്റിന് കോളേജുകളുടെയും ഹോസ്റ്റലുകളുടെയും മറ്റു സ്ഥാപനങ്ങളുടെയും ഇൻസ്പെക്ഷൻ നടത്താനും അതിനുള്ള നിർദ്ദേശം നൽകാനും അധികാരമുണ്ട്. പ്രൈവറ്റ് കോളേജുകളുടെ പ്രവർത്തനക്ഷമത നിലനിർത്താനായി അവയുടെ സകല കാര്യങ്ങളെക്കുറിച്ചും അന്വേഷിക്കുന്നതിനും പ്രസ്തുത കോളേജുകളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ ഉറപ്പുവരുത്തുന്നതിനും അല്ലാത്തപക്ഷം പ്രസ്തുത കോളേജുകളുടെ അഫലിയേഷനും അംഗീകാരവും പുനഃപരിശോധിക്കുന്നതിനും വേണ്ടിവന്നാൽ പിൻവലിക്കുന്നതിനും സിൻഡിക്കേറ്റിന് അധികാരമുണ്ട്.

ഒരു പ്രൈവറ്റ് കോളേജിലെ മാനേജർ നടപടി ദുഷ്യം മൂലമോ, അഴിമതി, കൃത്യവിലോപം, സർക്കാരോ, സർവ്വകലാശാലയോ നൽകുന്ന നിർദ്ദേശങ്ങൾ പാലിക്കാതിരിക്കൽ, കുറ്റകൃത്യങ്ങളിൻമേൽ ശിക്ഷിക്കപ്പെടൽ

LIBRARY ARCHIVES Kerala Legislative Assembly

എന്നിവ കാരണമോ, കുറ്റക്കാരനാണെന്ന് കണ്ടാൽ വൈസ് ചാൻസലർക്ക് ആ മാനേജരുടെ മേൽ അന്വേഷണം നടത്തി നടപടി കൈക്കൊള്ളുന്നതിനും ആ മാനേജരുടെ സ്ഥാനത്ത് മറ്റൊരു മാനേജരെ നിയമിക്കാൻ നിർദ്ദേശം നൽകാനും അധികാരമുണ്ട്. ടി നിർദ്ദേശം അനുസരിക്കാതിരുന്നാൽ ആ സ്ഥാപനത്തിനുള്ള ധനസഹായവും ഗ്രാന്റും അഫിലിയേഷനും പിൻവലിക്കാവുന്നതാണ്.

ഏതെങ്കിലും ഒരു പ്രൈവറ്റ് കോളേജ് യൂണിവേഴ്സിറ്റി ആക്ട്, സ്റ്റാറ്റ്യൂട്ട്സ്, ഓർഡിനൻസ്, റഗുലേഷൻസ്, ഉത്തരവുകൾ, നിയമനങ്ങൾ എന്നിവയ്ക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നതു കണ്ടാൽ സിൻഡിക്കേറ്റിന് ആ കോളേജിനുള്ള ധനസഹായവും ഗ്രാന്റും നിർത്തിവയ്ക്കാനും അതിന്റെ സർവ്വകലാശാലയുമായുള്ള അഫിലിയേഷൻ പിൻവലിക്കാനും സർക്കാരിനോട് ശുപാർശ ചെയ്യാം.

(ബി) സർവ്വകലാശാല സിൻഡിക്കേറ്റിന് കോളേജുകൾക്ക് അഫിലിയേഷൻ നൽകാനോ, അഫിലിയേഷൻ തടഞ്ഞുവയ്ക്കാനോ, പിൻവലിക്കാനോ അധികാരമുണ്ട്. കോളേജു വിദ്യാർത്ഥികളുടെ പരാതികൾ കേൾക്കാനും അവ പരിഹരിക്കുന്നതിനും വൈസ് ചാൻസലർ ചെയർമാനായും യൂത്ത് വെൽഫെയർ ഡയറക്ടർ, 3 സെനറ്റംഗങ്ങൾ (അതിലൊരാൾ വൈസ് ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന ഒരു കോളേജ് പ്രിൻസിപ്പലായിരിക്കും) യൂണിവേഴ്സിറ്റി യൂണിയൻ ചെയർമാൻ, വൈസ് ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് കോളേജ് യൂണിയൻ സ്പീക്കർമാർ, അക്കാദമിക് കൗൺസിലിലെ രണ്ട് അംഗങ്ങൾ (അതിലൊരാൾ വി.സി. നാമനിർദ്ദേശം ചെയ്യുന്ന ഒരു കോളേജ് പ്രിൻസിപ്പലായിരിക്കും) എന്നിവർ അംഗങ്ങളായുള്ള ഒരു ബോർഡ് രൂപീകരിക്കുന്നതാണ്. പരാതികൾ യൂണിവേഴ്സിറ്റി യൂണിയൻ മുഖാന്തിരമോ, പ്രസ്തുത കോളേജ് പ്രിൻസിപ്പൽ മുഖാന്തിരമോ ചെയർമാന് സമർപ്പിക്കാവുന്നതാണ്. ചെയർമാൻ പരാതിയിൻമേൽ പ്രാഥമികാന്വേഷണം നടത്തുകയും ആവശ്യമെന്നു കണ്ടാൽ ആ പരാതി ബോർഡിന്റെ പരിഗണനയ്ക്കായി വയ്ക്കുകയും ചെയ്യും. ബോർഡ് പരാതി വിശദമായി പരിശോധിക്കുകയും അന്വേഷണം നടത്തുകയും വേണ്ടിവന്നാൽ കക്ഷികളെ വിസ്തരിക്കുകയും അവരുടെ വാദം കേൾക്കുകയും ചെയ്യും. അതിനുശേഷം അന്വേഷണ റിപ്പോർട്ട് മേൽനടപടിക്കായി സിൻഡിക്കേറ്റിന് കൈമാറുന്നതാണ്.

(സി) മതിയായ അന്വേഷണം നടത്താതെയാണ് വിദ്യാർത്ഥികളെ പ്രിൻസിപ്പാൾ പുറത്താക്കിയതെന്നും അതിലൂടെ സാമാന്യനീതി നിഷേധിക്കപ്പെട്ടു എന്നും സിൻഡിക്കേറ്റിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ഡി&എച്ച്) വിവരം ശേഖരിച്ചുവരുന്നു.

23 (*113) മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി പദ്ധതികൾ

<u>ശ്രീമതി കെ. ആർ. ഗൗരിയമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യ തൊഴിലാളികളുടെ ക്ഷേമത്തിനായി ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly